Syro Malabar Commission for Liturgy



# നോമ്പ് രണ്ടാം ഞായർ (മത്താ7:21-27)

ഗിരിപ്രഭാഷണത്തിന്റെ അന്ത്യംകുറിക്കുന്ന ഈ ഭാഗത്ത് ശിഷ്യത്വത്തിന്റെ ആഴവും അർത്ഥവും വ്യക്തമാക്കുവാൻ അടിത്തറകളുടെ ബലത്തിൽ വ്യത്യാസമുള്ള രണ്ടു ഭവനങ്ങളുടെ ഉപമയാണ് ഈശോ അരുളിച്ചെയ്യുന്നത്. പാറമേൽ പണിതഭവനവും മണൽപ്പുറത്തുള്ള ഭവനവുമെന്നത് രണ്ട് വ്യത്യസ്തയാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുന്നു. പാറമേൽ പടുത്തുയുർത്തിയ ഭവനം പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്നതുപോലെ ഈശോയുടെ യഥാർത്ഥശിഷ്യന് ഏതു പ്രതികൂലസാഹചര്യങ്ങളെയും, വിശ്വാസപ്രതിസന്ധികളെയും, പ്രലോഭനങ്ങളെയും തരണം ചെയ്യുവാനുള്ള ആത്മബലം ഉണ്ടായിരിക്കും. മണൽപ്പുറത്തുള്ള ഭവനം പണിയുന്നവൻ വഴിയരുകിൽ വീണവിത്തിന് സമാനമത്രെ. വചനം പരിവർത്തനയോഗ്യമായിത്തീരാത്തതുകൊണ്ട് പ്രലോഭനങ്ങളുടെയും പ്രതിസന്ധികളുടെയും വേളകളിൽ അവൻ തകർന്നുപോകുന്നു. വിശ്വാസം ക്ഷയിച്ചുപോകുന്നു. അതുകൊണ്ട് ഉപരിപ്ലവതയിൽ നിന്ന് വിശ്വാസത്തിന്റെ ബോധ്യത്തിലേക്ക് സഞ്ചരിക്കുവാൻ നമ്മൾ തയ്യാറാകണം. വാക്കും ജീവിതവും തമ്മിൽ പൊരുത്തമുണ്ടാകണം. വചനം കേൾക്കുന്നവരും പറയുന്നവരും മാത്രം ആകാതെ അതിനനുസരിച്ചുള്ള ജീവിതശൈലി കെട്ടിപ്പടുക്കുകയെന്നതാണ് പരമപ്രധാനം. അങ്ങനെ സേവനത്തിലും ആത്മപരിത്യാഗത്തിലും ഊന്നിയതും, പാറമേൽ അടിസ്ഥാനമിട്ടതുമായ ക്രിസ്തീയശിഷ്യത്വം നോമ്പുകാലത്ത് ആർജ്ജിച്ചെടുക്കുവാൻ നമുക്ക് ശ്രമിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

Read More-www.syromalabarliturgy.org